# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015-16

## മലയാളം

സ്റ്റാൻഡേർഡ് : VII | അടിസ്ഥാനപാഠാവലി | സമയം 2 മണിക്കൂർ

---

**നിർദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനത്തിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

---

**പ്രവർത്തനം 1.**

"ഇരുട്ടടഞ്ഞ ലോകത്തിൽ ഹെലൻ തന്റെ മനഃപ്രകാശത്തിന്റെ സഹായത്തോടുകൂടി മുന്നോട്ടു പോകുവാൻ സാധിക്കുന്നു. മനസ്സിൽ വെളിച്ചമില്ലാത്ത മറ്റൊരാളാവട്ടെ, പകൽ വെളിച്ചത്തിൽ പോലും വഴികാണാതെ നട്ടം തിരിയുന്നു."

(എ) മുകളിൽ കൊടുത്ത പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പെഴുതുക.

(ബി) "നട്ടം തിരിയുക"- എന്ന പ്രയോഗം അർത്ഥമാക്കുന്നതെന്ത്?

(തിരിച്ചറിയുക, പ്രയാസപ്പെടുക, അന്വേഷിക്കുക, കണ്ടെത്തുക)

**പ്രവർത്തനം 2.**

സഹോദരസ്നേഹത്തിന്റെ നിഷ്കളങ്കഭാവം അവതരിപ്പിക്കുന്ന കവിതയാണ് 'കൊച്ചനുജൻ'. ചേച്ചിക്കും അനുജനും ഇടയിലുള്ള സ്നേഹത്തിന്റെ നിസ്വാർത്ഥത, പാരസ്പര്യം എന്നിവയാണ് കവിത പകർന്നു നൽകുന്നത്. സ്നേഹത്തിന്റെ നനുത്ത ഓർമയായി കുട്ടിക്കാലത്തെ ആവാഹിക്കുകയാണ് കവി ഈ കവിതയിലൂടെ ചെയ്യുന്നത്.

എ. ഇതുപോലെ നിങ്ങൾക്കും സഹോദരസ്നേഹത്തിന്റെ അനുഭവങ്ങളുണ്ടാവാം. അത്തരത്തിലുള്ള ഒരനുഭവം എഴുതുക.

ബി. കൊച്ചനുജൻ എന്ന കവിത എഴുതിയതാര്?

പ്രവർത്തനം 3.

കുഞ്ഞേടത്തി

"കുഞ്ഞേടത്തിയെത്തന്നെയല്ലോ
ഉണ്ണിക്കെന്നുമേറെയിഷ്ടം!
പൊന്നേപ്പോലത്തെ നെറ്റിയിലുണ്ടല്ലോ
മഞ്ഞൾവരക്കുറി ചാന്തുപൊട്ടും
ഈറൻ മുടിയിലെള്ളെണ്ണമണം; ചില-
നേരമാത്തുമ്പത്തൊരു പൂവും!
കൈയിലൊരൊറ്റക്കുപ്പിവള; മുഖം
കണ്ടാൽ കാവിലെ ദേവിതന്നെ!
മടിയിലിരുത്തീട്ട് മാറോടു ചേർത്തിട്ട്
മണിമണിപോലെ കഥ പറയും
ആനേടെ, മയിലിന്റെ, ഒട്ടകത്തിന്റെയും
ആരും കേൾക്കാത്ത കഥ പറയും
കുഞ്ഞേടത്തിയെത്തന്നെയല്ലോ
ഉണ്ണിക്കെന്നുമേറെയിഷ്ടം."

വളപ്പൊട്ടുകൾ — ഒ.എൻ.വി

ടി. പത്മനാഭൻ

(എ) 'കൊച്ചനുജൻ', 'കുഞ്ഞേടത്തി' എന്നീ കവിതകളിലെ ആശയം, പ്രയോഗഭംഗി, ബിംബങ്ങൾ എന്നിവ കണ്ടെത്തി താരതമ്യം ചെയ്ത് കുറിപ്പെഴുതുക.

(ബി) കുഞ്ഞേടത്തിയെ കണ്ടാൽ ആരെപ്പോലെയുണ്ടെന്നാണ് ഉണ്ണിക്ക് തോന്നുന്നത്?

**പ്രവർത്തനം 4.**

എ. താഴെ കൊടുത്ത സൂചനകളുടെ അടിസ്ഥാനത്തിൽ നിങ്ങൾക്കറിയാവുന്ന കാര്യങ്ങളും ഉൾപ്പെടുത്തി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

- ജനനം 1931 ഫെബ്രുവരി 5 – കണ്ണൂർ പള്ളിക്കുന്ന്
- പ്രശസ്ത കഥാകൃത്ത്
- കേരള സാഹിത്യ അക്കാദമി അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം
- പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, ഗൗരി, ..... നഷ്ടപ്പെട്ട കുട്ടി, ഒരു കഥാകൃത്ത് കുരിശിൽ

ബി. ഇരുട്ട് എന്ന അർത്ഥം വരുന്ന പദം കണ്ടെത്തുക.
(തേജസ്, അന്ധകാരം, നഭസ്സ്, പാരാവാരം)

പ്രവർത്തനം 5.

"ഞാൻ ഒന്നും പറയാതെ ഒരു ലോലിപോപ്പെടുത്ത് കുട്ടിയുടെ കൈയിൽ വച്ചുകൊടുത്തു." കുട്ടി മടിച്ചപ്പോൾ ഞാൻ അവളെ എന്നോടു ചേർത്തുപിടിച്ച് അവളുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കിക്കൊണ്ട് പറഞ്ഞു. " ഇത് നിനക്കാ. വാങ്ങിക്കോ." കുട്ടി എന്റെ മുഖത്തേക്ക് നോക്കി നിന്നതല്ലാതെ മിഠായി വാങ്ങിയില്ല. അജ്ഞാതമായ ഒരു ഭയമോ മടിയോ ആ കുട്ടിയെ പിറകോട്ടു വലിക്കുന്നതു പോലെയുണ്ടായിരുന്നു" അശാന്തി എന്ന കഥയിലെ ഒരു കഥാസന്ദർഭമാണിത്.

കഥയിലെ പ്രധാനകഥാപാത്രങ്ങൾ, സന്ദർഭങ്ങൾ, ആസ്വാദനാംശങ്ങൾ എന്നിവ കണ്ടെത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.